# കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) 2012

## ഉദ്യോഗാർത്ഥികളുടെ ചോദ്യങ്ങൾക്കുള്ള മറുപടി

- **ഏത് ആക്ട് പ്രകാരമാണ് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് നടപ്പാക്കുന്നത്?**

2009ൽ ഇന്ത്യൻ പാർലമെന്റിൽ പാസാക്കിയ Right of Children to Free and Compulsory Education (RTE) Act 2009 പ്രകാരമാണ് രാജ്യത്ത് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് നടപ്പാക്കുന്നത്.

നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിച്ച ഗൈഡ്‌ലൈൻ (No. 76-4/2010/NCTE/ Acd dated:11 Feb. 2011) പ്രകാരമാണ് മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് നടപ്പാക്കുന്നത്.

- **കെ-ടെറ്റ് പരീക്ഷ കേരളത്തിൽ നടത്താൻ നിർദ്ദേശിക്കുന്ന ഗവൺമെന്റ് ഉത്തരവുകൾ ഏതെല്ലാം ?**

1. G.O(P) No. 70/12/G.Edn, Dated: 01.03.2012
2. G.O (MS) No. 205/12/G.Edn, Dated: 25.06.2012,
3. G.O.(P)No.215/12/G.Edn Dated, 04.07.2012.
4. G.O.(P)No.244/12/G.Edn Dated, 25.07.2012.

എന്നീ കേരള സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കെ-ടെറ്റ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.

- **എന്താണ് കെ-ടെറ്റ് പരീക്ഷ നടത്തുന്നതിന് പിന്നിലെ യുക്തി?**

അദ്ധ്യാപകരുടെ ഗുണനിലവാരത്തിലും നിയമനപ്രക്രിയയിലും ദേശീയ തലത്തിൽ ബഞ്ച്മാർക്ക് ഉണ്ടാക്കുക, അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവയിൽ നിന്നും പഠിച്ച് പുറത്തിറങ്ങുന്ന അദ്ധ്യാപക വിദ്യാർത്ഥികളുടെയും ശേഷികളുടെ നിലവാരം ഉയർത്തുക, അദ്ധ്യാപക ഗുണനിലവാരത്തിൽ ഗവൺമെന്റുകൾ പ്രത്യേക ഊന്നൽ നൽകുന്നു എന്ന് സ്റ്റേക്ക് ഹോൾഡേഴ്സ് അറിയുക എന്നിവയാണ് ഇതിന്റെ പിന്നിലുള്ള യുക്തി. മാത്രവുമല്ല അദ്ധ്യാപകരായി നിയമിക്കുന്നവർക്ക് അദ്ധ്യാപനപ്രക്രിയയിലെ വെല്ലുവിളികളെ നേരിടാൻ അവശ്യം വേണ്ട അഭിരുചികളും ശേഷികളും ഉണ്ടെന്ന് ഉറപ്പാക്കാനും ഈ ടെസ്റ്റിലൂടെ ഉദ്ദേശിക്കുന്നു.

- **കെ-ടെറ്റ് പരീക്ഷ ഏതെല്ലാം തരം സ്കൂളുകളിലെ അദ്ധ്യാപകർക്ക് ബാധകമാണ്?**

  കേരളത്തിലെ എല്ലാ സർക്കാർ - എയ്ഡഡ് സ്കൂളുകളിലും അദ്ധ്യാപകരാവാൻ കെ-ടെറ്റ് ഇനി മുതൽ നിർബന്ധമാണ്.

  RTE Act പ്രകാരം അദ്ധ്യാപക ഗുണനിലവാരം ഉയർത്തുന്നതിന് കേരളത്തിലെ അൺ എയിഡഡ് സ്ഥാപനങ്ങളും അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് യോഗ്യത പരിഗണിക്കേണ്ടതാണ്.

- **കെ-ടെറ്റ് പരീക്ഷ ഒരു വർഷം എത്ര തവണ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.**

  ഒരു വർഷത്തിൽ രണ്ട് തവണ നടത്താനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

- **കെ-ടെറ്റ് പരീക്ഷയുടെ സിലബസ്സും മറ്റ് വിശദാംശങ്ങളും ലഭ്യമാണോ?**

  എസ്.സി.ഇ.ആർ.ടി കേരളയുടെയും, കേരള പരീക്ഷാഭവന്റെയും വെബ്സൈറ്റുകളിൽ ഇവ ലഭ്യമാണ്. (www.scert.kerala.gov.in, http://keralapareekshabhavan.in)

- **കെ-ടെറ്റ് എത്ര പരീക്ഷകളാണ്? ഏതെല്ലാം വിഭാഗങ്ങൾക്കാണ് കെ-ടെറ്റ്?**

  കെ-ടെറ്റ് മൂന്ന് പരീക്ഷകളായാണ് നടത്തുന്നത്. ലോവർ പ്രൈമറി ക്ലാസുകളിൽ അദ്ധ്യാപകരാകാൻ തയ്യാറാകുന്നവർ കെ-ടെറ്റ്- I ഉം, അപ്പർ പ്രൈമറി ക്ലാസുകളിൽ അദ്ധ്യാപകരാകാൻ തയ്യാറാകുന്നവർ കെ-ടെറ്റ്- II ഉം, ഹൈസ്ക്കൂൾ ക്ലാസുകളിൽ അദ്ധ്യാപകരാകാൻ തയ്യാറാകുന്നവർ കെ-ടെറ്റ്- III ഉം, വിജയിച്ചിരിക്കണം.

- **കെ-ടെറ്റ് പരീക്ഷ കേരളത്തിൽ നടത്താൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുന്ന അക്കാദമിക് അതോരിറ്റി ഏതാണ്?**

  കെ-ടെറ്റ് പരീക്ഷ കേരളത്തിൽ നടത്താൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുന്ന അക്കാദമിക് അതോരിറ്റി എസ്.സി.ഇ.ആർ.ടി യാണ്. എന്നാൽ പരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ കേരള പരീക്ഷാഭവന് നൽകിയിരിക്കുന്നു.

- **കെ-ടെറ്റ് പരീക്ഷാ രീതി എങ്ങനെയാണ്?**

  കെ-ടെറ്റ് പരീക്ഷകളിലെ ചോദ്യങ്ങൾ ഒബ്ജക്ടീവ് ടൈപ്പ് മൾട്ടിപ്പിൾ ചോയിസ് രീതിയിലാണ്. ഓരോ പേപ്പറിനും (കെ-ടെറ്റ് I, കെ-ടെറ്റ് II &

കെ-ടെറ്റ് III) 150 ചോദ്യങ്ങൾ വീതം ഉണ്ടായിരിക്കും. ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതം 150 മാർക്കിനാണ് പരീക്ഷ. ഒ.എം.ആർ ഷീറ്റിലാണ് ഉത്തരങ്ങൾ മാർക്ക് ചെയ്യേണ്ടത്. നിർദ്ദേശങ്ങൾ പാലിക്കുക.

- **കെ-ടെറ്റ് പരീക്ഷയിലെ ചോദ്യങ്ങൾ ഏത് ഭാഷയിലായിരിക്കും?**

  കെ-ടെറ്റ് I, II പരീക്ഷകളിലെ ചോദ്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായിരിക്കും. എന്നാൽ കെ-ടെറ്റ് III ലെ ചോദ്യങ്ങൾ ഇംഗ്ലീഷിൽ മാത്രമായിരിക്കും.

- **കെ-ടെറ്റ് പരീക്ഷ തീയതിയും ഷെഡ്യൂളും വിശദമാക്കാമോ?**

  കെ-ടെറ്റ് പരീക്ഷകളുടെ നിലവിലെ ഷെഡ്യൂൾ ഇനി പറയുന്ന പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ ഷെഡ്യൂളിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ ആയത് നോട്ടിഫിക്കേഷൻ മുഖാന്തിരം അറിയിക്കുന്നതായിരിക്കും.

| Category | Date of Test | Level | Timing & Duration | Time |
|---|---|---|---|---|
| K-TET I | 25.08.2012 | Teachers for Lower Primary | 09:30 am to 11:00 am | 1½ hrs |
| K-TET II | 25.08.2012 | Teachers for Upper Primary | 12:00 pm to 1.30 pm | 1½ hrs |
| K-TET III | 25.08.2012 | Teachers for High Schools | 03:00 pm to 04:30 pm | 1½ hrs |

- **കെ-ടെറ്റ് പരീക്ഷയിൽ നേടുന്ന സ്കോർ വർദ്ധിപ്പിക്കാൻ അനുവാദമുണ്ടോ?**

  കെ-ടെറ്റ് പരീക്ഷയിൽ ഒരിക്കൽ ലഭിക്കുന്ന സ്കോർ വർദ്ധിപ്പിക്കാൻ വീണ്ടും പരീക്ഷ എഴുതാൻ അനുവാദമുണ്ട്.

- **ഒരു ഉദ്യോഗാർത്ഥി 3 പരീക്ഷകളും എഴുതാൻ വേണ്ട യോഗ്യതകൾ നേടിയിട്ടുണ്ട് എങ്കിൽ ഈ മൂന്ന് പരീക്ഷകളും എഴുതുന്നതിന് അനുവദിക്കുമോ?**

  മൂന്നുപരീക്ഷകൾക്കും പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ നേടിയിട്ടുള്ളവർക്ക് കെ-ടെറ്റിന്റെ 3 പരീക്ഷകളും എഴുതാൻ അനുവാദമുണ്ട്.

- **എത്ര തവണ കെ-ടെറ്റ് എഴുതാൻ അനുവാദമുണ്ട്?**

  കെ-ടെറ്റ് പരീക്ഷ എഴുതുന്നതിനുള്ള തവണകൾക്ക് പരിധി നിശ്ചയിച്ചിട്ടില്ല.

- **കെ-ടെറ്റ് പരീക്ഷ എഴുതുന്നതിന് പ്രായപരിധി നിർദ്ദേശിച്ചിട്ടുണ്ടോ?**

  പ്രായപരിധി നിർദ്ദേശിച്ചിട്ടില്ല.

- **കെ-ടെറ്റ് പരീക്ഷ എഴുതുന്നതിൽ നിന്നും ഏതെല്ലാം യോഗ്യതയുള്ളവരെയാണ് ഒഴിവാക്കിയിട്ടുള്ളത്.?**

  കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ നമ്പർ. 31904/J2/12/G.Edn dated 06.06. 2012 പ്രകാരം C-TET, NET, SET, അതാത് വിഷയങ്ങളിൽ M.Phil, Phd എന്നീ യോഗ്യതകളിൽ ഏതെങ്കിലും ഒന്നുള്ളവരെ കെ-ടെറ്റ് പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

  G.O.(P)No.244/12/G.Edn Dated, 25.07.2012 ഉത്തരവ് പ്രകാരം:

  31.03.2012നോ അതിനുമുമ്പ് റഗുലർ വേക്കൻസികളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ കെ-ടെറ്റ് പരീക്ഷാ യോഗ്യതയിൽ നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

  51(A), 51(B) claiments ആയി (Chapter XIV A, KER) 25.07.2012 വരെ സർവ്വീസിൽ പ്രവേശിച്ചവരെ കെ-ടെറ്റ് പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

  31.03.2012നു മുൻപായി റെഗുലർ വേക്കൻസിയിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവരെ ഈ യോഗ്യതാപരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

  M.Ed ഡിഗ്രി നേടിയിട്ടുള്ളവരെയും കെ-ടെറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

- **സർവ്വീസിൽ തുടരുന്ന അദ്ധ്യാപകരെ കെ-ടെറ്റ് പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കിയതായി അറിയുന്നു. വേണമെങ്കിൽ അവർക്ക് ഈ പരീക്ഷകൾ എഴുതാൻ അനുവാദമുണ്ടോ?**

  അംഗീകൃത സർവ്വീസിൽ തുടരുന്ന എല്ലാ അദ്ധ്യാപകർക്കും കെ-ടെറ്റ് പരീക്ഷ എഴുതാവുന്നതാണ്. എന്നാൽ കെ-ടെറ്റ് ഇവർക്ക് നിർബന്ധമാക്കിയിട്ടില്ല.

- **കെ-ടെറ്റിന്റെ പരീക്ഷാ ഫീസ് എത്രയാണ്? അപേക്ഷിക്കുന്നത് എങ്ങനെ?**

500 രൂപയാണ് കെ-ടെറ്റിലെ ഓരോ പേപ്പറിന്റെയും പരീക്ഷാ ഫീസായി നിശ്ചയിച്ചിട്ടുള്ളത്. മൂന്ന് പരീക്ഷകളും എഴുതാൻ യോഗ്യത നേടിയവർ 1500 രൂപ പരീക്ഷാ ഫീസ് നൽകേണ്ടതാണ്. എസ്.സി.-എസ്.റ്റി വിഭാഗങ്ങൾക്കും Differently abled candidates.ഉം 250 രൂപാ വീതമാണ് പരീക്ഷാഫീസ്. പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന ചെലാൻ ഉചിതമായി പൂരിപ്പിച്ച് തുക നിശ്ചയിച്ചിട്ടുള്ള എസ്.ബി.റ്റി ശാഖയിൽ ഒടുക്കിയതിനു ശേഷം ചെലാനിൽ പറയുന്ന ഐ.ഡി നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. അപ്പോൾ ലഭിക്കുന്ന ഓൺലൈൻ ആപ്ലിക്കേഷൻ ഉചിതമായി പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. തുടർന്ന് പ്രിന്റ് എടുത്ത് ചെലാന്റെ ഒരു കോപ്പിയോടൊപ്പം. അപേക്ഷ പരീക്ഷാഭവനിലേക്ക് തപാൽ മാർഗ്ഗമോ നേരിട്ടോ എത്തിക്കുക.

- **കെ-ടെറ്റ് I എഴുതാൻ വേണ്ട വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണ്?**

എൻ.സി.റ്റി.ഇ. നിർദ്ദേശ പ്രകാരമാണ് കെ-ടെറ്റ് I ഉം, II ഉം പരീക്ഷകളുടെ വിദ്യാഭ്യാസ യോഗ്യതകൾ നിശ്ചയിച്ചിരിക്കുന്നത്. ഇത് താഴെ പറയുന്ന പ്രകാരമാണ്.

Higher Secondary/ Senior Secondary (or its equivalent) with at least 45% marks and 2-year Diploma in Elementary Education (by whatever name known), in accordance with the NCTE (Recognition Norms and Procedure), Regulations 2002

OR

Higher Secondary/ Senior Secondary (or its equivalent) with at least 50% marks and 4-year Bachelor of Elementary Education (B.El.Ed.)

**Note :**

(i) Relaxation of 5% in minimum qualifying marks is admissible for reserve categories such as SC/ ST and Differently abled Candidates. (as per the norms or as desired by the Govt. of Kerala) and relaxation of 2%in minimum qualifying marks is admissible for OBC and OEC candidates.

- **കെ-ടെറ്റ് II എഴുതാൻ വേണ്ട വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണ്?**

കെ-ടെറ്റ് II എഴുതാനുള്ള വിദ്യാഭ്യാസ യോഗ്യത താഴെ പറയുന്ന പ്രകാരമാണ്.

(i) B.A. / B.Sc. / B.Com. and 2 - year Diploma in Elementary Education/ Trained Teachers Certificate (TTC) (by whatever name known) conducted by Board of Examination, Govt. of Kerala or its equivalent.

OR

B.A./ B.Sc./ B.Com. with at least 45% marks and 1 - year Bachelor in Education (B.Ed.), in accordance with the NCTE (Recognition Norms and Procedure) regulations issued from time to time in this regard

OR

Higher Secondary/ Senior Secondary (or its equivalent) with at least 50% marks and 4-year Bachelor in Elementary Education (B.El.Ed.)

OR

Higher Secondary/ Senior Secondary (or its equivalent) with at least 50% marks and 4-year B.A./ B.Sc.Ed or B.A. Ed or B.Sc.Ed

**NOTE:**

(i) Relaxation up to 5% in the qualifying marks shall be allowed to the candidates belonging to reserved categories such as SC/ST and, Differently abled candidates and relaxation of 3%in minimum qualifying marks is admissible for OBC and OEC candidates.

- **കെ-ടെറ്റ് III എഴുതാൻ വേണ്ട വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണ്?**

കെ-ടെറ്റ് III എഴുതാനുള്ള വിദ്യാഭ്യാസ യോഗ്യത താഴെ പറയുന്ന പ്രകാരമാണ്.

**MINIMUM QUALIFICATIONS FOR K-TET III:**

(i) B.A./ B.Sc./ B.Com. with at least 45% marks and 1 - year Bachelor Degree in Education (B.Ed.) in the subject concerned.

OR

B.A./ B.Sc./ B.Com. with at least 45% marks and 1 - year Bachelor Degree in Education (B.Ed.), in accordance with the NCTE (Recognition

Norms and Procedure) regulations issued from time to time in this regard

OR

Higher Secondary/ Senior Secondary (or its equivalent) with at least 50% marks and 4-year Bachelor in Elementary Education (B.El.Ed.)

OR

Higher Secondary/ Senior Secondary (or its equivalent) with at least 50% marks and 4-year B.A./ B.Sc.Ed or B.A. Ed or B.Sc.Ed

**NOTE:**

(i) Relaxation up to 5% in the qualifying marks shall be allowed to the candidates belonging to reserved categories such as SC/ST and, Differently abled candidates and relaxation of 3%in minimum qualifying marks is admissible for OBC and OEC candidates.

- **എസ്.സി. - എസ്.റ്റി. വിഭാഗങ്ങൾക്ക്  കെ-ടെറ്റ് എഴുതാനുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ?**

  എസ്.സി. - എസ്.റ്റി. വിഭാഗങ്ങൾക്കും Differently abled candidates ഉം യോഗ്യതാ പരീക്ഷകളുടെ മിനിമം മാർക്കിൽ 5% ഇളവ് അനുവദിച്ചിട്ടുണ്ട്.

- **ഒ.ബി.സി - ഒ.ഇ.സി. വിഭാഗങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ?**

  ഒ.ബി.സി - ഒ.ഇ.സി. വിഭാഗങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതാ പരീക്ഷകളുടെ മിനിമം മാർക്കിൽ 3% ഇളവ് അനുവദിച്ചിട്ടുണ്ട്.

- **ടീച്ചർ എഡ്യൂക്കേഷനിലെ ഡിപ്ലോമ അല്ലെങ്കിൽ ഡിഗ്രി സർട്ടിഫിക്കേറ്റുകൾക്ക് അംഗീകാരം നിർബന്ധമാണോ?**

  നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ) അല്ലെങ്കിൽ കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള സർട്ടിഫിക്കേറ്റുകളും ഡിപ്ലോമകളുമാണ് കെ-ടെറ്റ് പരീക്ഷകൾക്ക് പരിഗണിക്കുന്നത്.

- **കെ-ടെറ്റ് I പരീക്ഷയിലെ വിഷയങ്ങൾ ഏതെല്ലാമാണ്? ഓരോ വിഷയത്തിനും എത്ര മാർക്കാണ്?**

  വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**PAPER I (K-TET I): for Lower Primary classes**

**No. of MCQs: 150**

**Duration of the examination: one-and-a-half hours**

***Structure and Content (All Compulsory)***

| Sl.No | Content | MCQs | Marks |
|---|---|---|---|
| 1 | Child Development and Pedagogy (relevant to age group 6 11) | 30 | 30 |
| 2 | Language I  Malayalam/Tamil/Kannada | 30 | 30 |
| 3 | Language II  English/Arabic* | 30 | 30 |
| 4 | Mathematics | 30 | 30 |
| 5 | Environmental Studies | 30 | 30 |
| | Total | 150 | 150 |

** for those who intends to be the Arabic teacher*

- **കെ-ടെറ്റ് I പരീക്ഷയിലെ ലാംഗ്വേജ് 1, ലാംഗ്വേജ് 2 ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?**

ലാംഗ്വേജ് 1 എന്നത് ബോധന മാധ്യമമാണ് (Medium of Instruction). കേരളത്തിലെ പ്രൈമറി സ്കൂളുകളിലെ ബോധന മാധ്യമ മ ഭാഷയായ മലയാളം, തമിഴ്, കന്നട ഇവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്. ലാഗ്വേജ് 2 നിർബന്ധ ഭാഷയായ ഇംഗ്ലീഷ് ആണ്. അറബി അദ്ധ്യാപകരാകാൻ തയ്യാറാകുന്നവർക്ക് ലാംഗ്വേജ് 2 ലെ ഓപ്ഷനായ അറബി ഭാഷ തെരഞ്ഞെടുക്കാവുന്നതാണ്. ഇത് അപേക്ഷയിൽ പ്രത്യേകം സൂചിപ്പിക്കണം.

- **ഭാഷാ അദ്ധ്യാപകരാകാൻ തയ്യാറാകുന്നവർ കെ-ടെറ്റ് I പരീക്ഷയിലെ എല്ലാ വിഷയങ്ങളും നിർബന്ധമായും എഴുതേണ്ടതുണ്ടോ?**

കെ-ടെറ്റ് I പരീക്ഷയിൽ ഭാഷാ അദ്ധ്യാപകരാകാൻ തയ്യാറാകുന്നവരും എല്ലാ വിഷയങ്ങളും നിർബന്ധമായും എഴുതിയിരിക്കേണ്ടതാണ്. അതായത് മലയാളം, അറബി, തമിഴ്, കന്നട തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കാൻ തയ്യാറാകുന്നവർ Child Development and Pedagogy, Mathematics, Environmental Studies തുടങ്ങിയ വിഷയങ്ങൾ നിർബന്ധമായും എഴുതിയിരിക്കേണ്ടതാണ്. എൻ.സി.റ്റി.ഇ. ഇപ്രകാരം നിർദ്ദേശിക്കുന്നു.

- **കെ-ടെറ്റ് II പരീക്ഷയിലെ വിഷയങ്ങൾ ഏതെല്ലാമാണ്? ഓരോ വിഷയത്തിനും എത്ര മാർക്കാണ്?**

വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**PAPER II (K-TET II): for Upper Primary classes**

***Structure and Content (All Compulsory)***

| Sl.No | Content | MCQs | Marks |
|---|---|---|---|
| 1 | **Child Development and Pedagogy**<br>(relevant to age group 11  14 years) | 30 | 30 |
| 2 | **Language I**<br>Malayalam/Tamil/Kannada/English | 30 | 30 |
| 3 | **Language II** (Other than language I)<br>Malayalam/English/Arabic/Hindi/ Urdu/ Sanskrit. | 30 | 30 |
| 4 | (a) For Mathematics and Science Teacher : Mathematics and Science<br>OR<br>(b) For Social Science Teacher : Social Science<br>OR<br>(c) For any other teacher ((a) or (b)) | 60 | 60 |
| | **Total** | **150** | **150** |

- **കെ-ടെറ്റ് III പരീക്ഷയിലെ വിഷയങ്ങൾ ഏതെല്ലാമാണ്? ഓരോ വിഷയത്തിനും എത്ര മാർക്കാണ്?**

വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**PAPER III (K-TET III): for High School Teacher**

| Sl.No | Content | MCQs | Marks |
|---|---|---|---|
| (i) | Adolescent Psychology, Theories of Learning and Teaching Aptitude | 40 MCQs | 40 |
| (ii) | **Language**: Malayalam/ English/ Tamil/ Kannada | 30 MCQs | 30 |
| (iii) | Subject specific areas (Content & Pedagogy) | 80 MCQs | 80 |
| | **Total** | **150** | **150** |

- **സെപ്ഷ്യലിസ്റ്റ് ടീച്ചേഴ്സ്, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സ് എന്നീ തസ്തികകളിലും, ഹിന്ദി, അറബി, ഉറുദു, സംസ്കൃതം തുടങ്ങിയ വിഷയങ്ങളിലും ഭാഷാ അധ്യാപകരാകാൻ തയ്യാറാകുന്ന ചില ഉദ്യോഗാർത്ഥികൾക്ക് പ്രോസ്പെക്ടസ് പ്രകാരം ഉള്ള യോഗ്യതകൾ നേടാൻ കഴിഞ്ഞിട്ടില്ല. ഇവർ ഏത് കെ-ടെറ്റ് പരീക്ഷയാണ് എഴുതേണ്ടത്?**

  ജൂലൈ മാസം 31ന് കൂടുന്ന സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയിൽ ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കുന്നതും അതനുസരിച്ച് തീരുമാനങ്ങൾ അറിയിക്കുന്നതുമായിരിക്കും. പ്രോസ്പെട്കസ് പ്രകാരം യോഗ്യത നേടിയിട്ടുള്ളവർക്ക് ആഗസ്റ്റ് മാസം 25ന് നടക്കുന്ന കെ-ടെറ്റ് പരീക്ഷ എഴുതാം.

- **BEd, TTC കോഴ്സുകൾ പഠിക്കുന്ന അദ്ധ്യാപക - വിദ്യാർത്ഥികൾക്ക് കെ-ടെറ്റ് പരീക്ഷ എഴുതാൻ അനുവാദമുണ്ടോ?**

  BEd, TTC കോഴ്സ് പഠിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥികൾക്ക് 2012 ആഗസ്റ്റ് 25ന് നടക്കുന്ന പരീക്ഷ എഴുതേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. കാരണം അവർ BEd, TTC കോഴ്സുകൾ ഈ ദിവസം കൊണ്ട് പൂർത്തിയാക്കുന്നില്ല.

  ഭാവിയിൽ കോഴ്സ് പൂർത്തിയാക്കി പരീക്ഷാഫലം പ്രതീക്ഷിച്ചു നിൽക്കുന്നവർക്ക് അടിസ്ഥാന യോഗ്യതകൾക്ക് അനുസൃതമായി കെ-ടെറ്റ് എഴുതാൻ അനുവാദം നൽകുന്നതായിരിക്കും.

**ഇതോടനുബന്ധിച്ച മറ്റുസംശയങ്ങൾക്ക് പരീക്ഷാഭവന്റെ മെയിൽ ഐഡിയിലൂടെ ബന്ധപ്പെടാവുന്നതാണ്.**